## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 5080

06.02.2014-ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്ക് സാറ്റലൈറ്റ് പൊസിഷനിംഗ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന തൊഴിലാളികളുടെ സുരക്ഷയ്ക്കായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ വിവരം മറൈൻ എൻഫോഴ്സ്മെന്റ് യൂണിറ്റിൽ ലഭിച്ചാൽ ഉടൻ തന്നെ അതാത് യൂണിറ്റിൽ നിന്നും ഫിഷറീസ് ഡിപ്പാർട്ട്മെന്റ് വക ബോട്ടിലോ, വാടക ബോട്ടിലോ അറിയിക്കുകയും പോലീസ് ഉദ്യോഗസ്ഥരടക്കം റെസ്ക്യൂ ഗാർഡുമാരും കടലിൽ തിരച്ചിൽ നടത്തി ഇവരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കടലിൽ കാണാതാവുന്ന മത്സ്യത്തൊഴിലാളികളെ മറൈൻ എൻഫോഴ്സ്മെന്റിന് കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവരുടെ സേവനം ആവശ്യപ്പെടാറുണ്ട്. കടലിൽ മത്സ്യബന്ധനത്തിനു പോകുന്നവരുടെ സുരക്ഷയ്ക്കായി 910 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 'കടൽ സുരക്ഷ' എന്ന പദ്ധതിയിലൂടെ കടലിൽ അപകടമുണ്ടാകുമ്പോൾ മത്സ്യത്തൊഴിലാളികളുടെയും അവരുടെ യാനത്തിന്റെയും സ്ഥാനം അറിയുന്നതിനായി സെർച്ച് ആന്റ് റെസ്ക്യൂ ബീക്കൺ, മത്സ്യബന്ധനത്തിന് പോകുമ്പോൾ ദിശ അറിയുന്നതിനായി ജി.പി.എസ്., പരസ്പര ആശയ വിനിമയത്തിനായി വി.എച്ച്.എഫ്. മറൈൻ റേഡിയോ ഉപകരണങ്ങൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

(ബി) അപകടത്തിൽപ്പെടുന്ന വള്ളങ്ങളേയും തൊഴിലാളികളേയും വേഗത്തിൽ കണ്ടെത്തുന്നതിന് സാറ്റലൈറ്റ് പൊസിഷനിംഗ് പോലുള്ള സംവിധാനം ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

(ബി) അപകടത്തിൽപ്പെടുന്ന വള്ളങ്ങളേയും തൊഴിലാളികളേയും വേഗത്തിൽ കണ്ടെത്തുന്നതിന് 'കടൽ സുരക്ഷ' പദ്ധതിയിലുൾപ്പെടുത്തി കടലിൽ അപകടമുണ്ടാകുമ്പോൾ മത്സ്യത്തൊഴിലാളികളുടെയും അവരുടെ യാനത്തിന്റെയും സ്ഥാനം അറിയുന്നതിനായി സാറ്റലൈറ്റ് പൊസിഷനിംഗ് പോലുള്ള സംവിധാനം ഉപയോഗപ്പെടുത്തി ഐ.എസ്.ആർ.ഒ.യുടെ സാങ്കേതിക സഹായത്തോടെ കെൽട്രോൺ നിർമ്മിച്ച സെർച്ച് ആന്റ് റെസ്ക്യൂ ബീക്കൺ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ